(സി) ഉണ്ട്.

(ഡി) 1999-2000 വർഷത്തിൽ 4800 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ഫീൽഡ് ഡ്രെയിൻ ജോലികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നെയ്യാർ പദ്ധതിയിൻകീഴിലെ ഇപ്പോഴുള്ള 11655 ഹെക്ടർ ആയക്കെട്ടിന് പുറമെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 357.75 ഹെക്ടർ പ്രദേശത്തുകൂടി ഫീൽഡ് ചാനൽ പൂർത്തീകരിക്കുന്നതിന് ഈ സാമ്പത്തികവർഷം പദ്ധതിയിട്ടിട്ടുണ്ട്. അതുപോലെതന്നെ 2420.18 ഹെക്ടർ പ്രദേശത്ത് 279.34 ലക്ഷം രൂപ ചെലവിൽ വെള്ളക്കെട്ട് നിവാരണജോലികൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന നാല് ഇനങ്ങളിലായി കാർഷിക പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:-

| | | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം |
|---|---|---|---|
| 1 | നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കൂൺകൃഷി. സ്വയംപര്യാപ്ത കർഷകകുടുംബം, മത്സ്യകൃഷി തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി | 1308 ഹെക്ടർ | 83.56 ലക്ഷം രൂപ |
| 2 | വിവിധ വിളകളിൽ ഗവേഷണ സ്ഥാപനങ്ങൾ നടത്തിയ ഗവേഷണഫലങ്ങൾ ആയക്കെട്ട് പ്രദേശത്തെ കൃഷിയിടങ്ങളിലേയ്ക്ക് യോജിച്ചതാണോ എന്ന് പരിശോധിച്ചറിയൽ | 64 ഹെക്ടർ | 1.154 ലക്ഷം രൂപ |
| 3 | കാർഷിക പരിശീലന പരിപാടികൾ | 118 എണ്ണം | 2.47 ലക്ഷം രൂപ |
| 4 | കിണർ, പമ്പുസെറ്റ് തുടങ്ങിയവയ്ക്ക് ധനസഹായം നൽകുക | 30 എണ്ണം | 1.50 ലക്ഷം രൂപ |

**94 (1200) കമാന്റ് ഏരിയ പദ്ധതികളിലെ ജീവനക്കാർ**

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ പദ്ധതികളിൽ മറ്റ് ഡിവിഷനുകളിൽനിന്നും എടുത്തിട്ടുള്ള ജീവനക്കാരെ നിലനിർത്തിയ വകയിൽ അധിക ചെലവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) പമ്പാ, പെരിയാർവാലി, കുറ്റ്യാടി പദ്ധതികൾ 'കാഡ്' ഏറ്റെടുത്തപ്പോൾ പ്രസ്തുത പദ്ധതികളിലെ ജോലികൾ നടത്തുന്നതിനായി പമ്പ ഇറിഗേഷൻ ഡിവിഷൻ, പെരിയാർവാലി ഇറിഗേഷൻ ഡിവിഷൻ, കുറ്റ്യാടി ഇറിഗേഷൻ ഡിവിഷൻ എന്നിവയെ കാഡ ഡിവിഷനുകളായി മാറ്റിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഡിവിഷനുകളിലെ എല്ലാ ജീവനക്കാർക്കും കാഡായിൽനിന്നാണ് ശമ്പളം നൽകുന്നത്. കാഡ ജോലികളുടെ നടത്തിപ്പിനായി ഇതിൽ എല്ലാ വിഭാഗം ജീവനക്കാരുടേയും ആവശ്യം ഇല്ല. അധികജീവനക്കാരെ ഇറിഗേഷൻ ഡിവിഷനുകളിലേയ്ക്ക് തിരിച്ചയയ്ക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഈ കാര്യത്തിൽ സർക്കാരിന് ഉണ്ടായിട്ടുള്ള അധിക ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

**95 (1201) മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ നടപടി**

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിതമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ശുപാർശ നൽകാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു പറയുമോ;

(ബി) ഓരോ മേഖലയ്ക്കും നിശ്ചയിക്കപ്പെട്ട കുറഞ്ഞകൂലി അതത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പിക്കാനും, വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിരക്ഷയും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്നു ഉറപ്പാക്കാനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്നത് നോട്ടിഫിക്കേഷൻ രീതിവഴിയും കമ്മിറ്റി രീതിവഴിയുമാണ്. ആദ്യമായി മിനിമം വേതനം നിശ്ചയിക്കുന്നതിനായി ഇപ്പോൾ താഴെപ്പറയുന്ന മൂന്ന് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

1. നദികളിലെ മണൽവാരലും കയറ്റിറക്കും മേഖല
2. ഓയിൽപാം പ്ലാന്റേഷൻസ്
3. ക്രമ്പ് റബ്ബർ ഫാക്ടറികൾ

(ബി)&(സി) ഉണ്ട്. മിനിമം വേജസ് തൊഴിലാളികൾക്ക് നൽകുന്നുണ്ടോയെന്നുറപ്പുവരുത്താനും അവ നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള 100

LIBRARY ARCHIVES Kerala Legislative Assembly